ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം
ഡയറ്റ് ആലപ്പുഴ

BASED ON
FOCUS AREA



# നിറകതിർ 2021

## SSLC റിവിഷൻ സഹായി

പൊതുപരീക്ഷക്കായി കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്

## സാമൂഹ്യശാസ്ത്രം

# ആമുഖം

**പ**ത്താം തരം വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഭാഗമായ സംശയ നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ,കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊുതന്നെ ജില്ലയിലെ വിദ്യാലയങ്ങൾ സജീവമായിരിക്കുകയാണ്. ആലപ്പുഴ ഡയറ്റ് നടത്തിയ വിദ്യാലയസന്ദർശനങ്ങളുടെ ഭാഗമായി അദ്ധ്യാപകർ ,രക്ഷിതാക്കൾ ,ജനപ്രതിനിധികൾ തുടങ്ങിയവരുമായി നടത്തിയ ചർച്ചയിൽ പത്താംതരം പൊതുപരീക്ഷയുടെ റിവിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്ന ഒരു വായനാ സാമഗ്രിയുടെ ആവശ്യകത പരക്കെ ഉന്നയിക്കപ്പെടുകയുായി .പൊതുപരീക്ഷയിൽ പ്രത്യേക ഊന്നൽ നൽകേ പാഠഭാഗങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചിട്ടു് .ഈ പശ്ചാത്തലത്തിലാണ് **നിറകതിർ 2021. ,എസ് .എസ് .എൽ .സി റിവിഷൻ സഹായി** ആലപ്പുഴ ഡയറ്റ് തയ്യാറാക്കി പുറത്തിറക്കുന്നത് .

പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള വിവിധ വിഷയങ്ങളുടെ ഊന്നൽമേഖലകളാണ് ഇതിലെ പ്രതിപാദ്യം. വിദ്യാർത്ഥികൾക്ക് ഉന്നതവിജയം കരസ്ഥമാക്കുന്നതിന് ഇത് ഉപകരിക്കും. ഊന്നൽ മേഖലകൾ നിശ്ചയിച്ചിരിക്കുന്നതുതന്നെ ഉപരിപഠനത്തിന് സഹായകമായ പാഠഭാഗങ്ങളെ മുൻനിർത്തിയാണല്ലോ?. എന്നിരുന്നാലും പാഠഭാഗങ്ങൾ പൂർണ്ണമായി മനസ്സിലാക്കുവാനും പൊതുപരീക്ഷക്കു സഹായകമായി ഈ ഊന്നൽ മേഖലകൾ കേന്ദ്രീകരിച്ചുള്ള പഠനം നിർവ്വഹിക്കുവാനും ശ്രദ്ധിക്കണം.

വളരെ കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ വ്യത്യസ്ത വിഷയങ്ങളിൽ ഈ വായനാ സാമഗ്രി തയ്യാറാക്കാൻ കഴിഞ്ഞത് ജില്ലയിലെ അദ്ധ്യാപകരുടെ ആത്മാർത്ഥമായ പരിശ്രമം കൊു മാത്രമാണ്. ഡയറ്റിന്റെ എല്ലാ പ്രവർത്തനങ്ങളിലും ജില്ലയിലെ അദ്ധ്യാപകരും വിദ്യാഭ്യാസ പ്രവർത്തകരും നൽകി വരുന്ന പിന്തുണ ഇതിന്റെ പ്രവർത്തനത്തിലും ഉായിട്ടു്. പത്താംതരം പൊതുപരീക്ഷയെ മികച്ച ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാൻ **നിറകതിർ 2021** സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
ഈ സംരംഭത്തെ സഹായിച്ച എല്ലാവർക്കും നന്ദി.


**മിനി ബഞ്ചമിൻ**
**പ്രിൻസിപ്പൽ ഇൻ ചാർജ്**
**ഡയറ്റ് ആലപ്പുഴ**

**എം. അജയകുമാർ**
**സീനിയർ ലക്ചറർ**
**ഫാക്കൽറ്റി ഓഫ് ഐ.എഫ് .ഐ.സി**
**ഡയറ്റ് ആലപ്പുഴ**
**(കോഡിനേറ്റർ)**

# ഉള്ളടക്കം

ഡയറ്റ് ആലപ്പുഴ

നിറകതിർ 2021


- ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ 5
- പൊതുഭരണം 12
- സമരവും സ്വാതന്ത്ര്യവും 15
- സ്വാതന്ത്ര്യനന്തര ഇന്ത്യ 23.
- ഋതുഭേദങ്ങളും സമയവും 29
- മാനവവിഭവശേഷി വികസനം 34
- വൈവിദ്ധ്യങ്ങളുടെ ഇന്ത്യ 37


## ശില്പശാലയിൽ പങ്കെടുത്തവർ


**ഐസക്ക് ഡാനിയേൽ**

എച്ച്.എസ്.റ്റി

ബിഷപ്പ് ഹോഡ്ജസ് ഹയർസെക്കണ്ടറി സ്കൂൾ

മാവേലിക്കര

**ബിന്ദുമോൾ എ .എം**

എച്ച്. എസ്.റ്റി

ഗവ.ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ

ചേർത്തല

# പൊതുപരീക്ഷക്കായി കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾ



## സാമൂഹ്യശാസ്ത്രം

| നം. | അധ്യായങ്ങൾ | പ്രത്യേക ശ്രദ്ധ നൽകുന്ന മേഖലകൾ |
|---|---|---|
| 1 | ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ | • അമേരിക്കൻ സ്വാതന്ത്ര്യസമരം<br>• ഫ്രഞ്ച് വിപ്ലവം<br>• റഷ്യൻ വിപ്ലവം |
| 2 | സമരവും സ്വാതന്ത്ര്യവും | • ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ<br>• നിസ്സഹകരണസമരവും ഖിലാഫത്ത് പ്രസ്ഥാനവും<br>• പൂർണസ്വരാജും സിവിൽനിയമലംഘനവും<br>• ബ്രിട്ടീഷുകാർ ഇന്ത്യ വിടുക<br>• സുഭാഷ്ചന്ദ്രബോസ് |
| 3 | സ്വാതന്ത്ര്യാനന്തര ഇന്ത്യ | • നാട്ടുരാജ്യങ്ങളുടെ സംയോജനം<br>• ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ<br>• വിദ്യാഭ്യാസം<br>• വിദേശനയം |
| 4 | ഋതുഭേദങ്ങളും സമയവും | • സൂര്യന്റെ അയനവും ഋതുക്കളും<br>• ഭ്രമണവും സമയനിർണയവും - ഗ്രീനിച്ച് സമയം, സ്റ്റാൻഡേർഡ് സമയം, ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം, അന്താരാഷ്ട്ര ദിനാങ്ക രേഖ |
| 5 | വൈവിധ്യങ്ങളുടെ ഇന്ത്യ | • ഹിമവൽ ഭൂമി - ട്രാൻസ് ഹിമാലയം, ഹിമാലയം, കിഴക്കൻ മലനിരകൾ, ഉത്തര പർവതമേഖലയുടെ പ്രാധാന്യം<br>• ഹിമാലയൻ നദികൾ<br>• ഉപദ്വീപീയ പീഠഭൂമി<br>• ഉപദ്വീപീയ നദികൾ<br>• പടിഞ്ഞാറൻ തീരസമതലം, കിഴക്കൻ തീരസമതലം<br>• ഭൂപടം - പർവതനിരകൾ, നദികൾ, പീഠഭൂമികൾ |
| 6 | പൊതുഭരണം | • പൊതുഭരണം<br>• പൊതുഭരണത്തിന്റെ പ്രാധാന്യം<br>• ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ<br>• ഇന്ത്യൻ സിവിൽ സർവീസ്<br>• ഇ - ഗവേണൻസ് |
| 7 | മാനവവിഭവശേഷി വികസനം ഇന്ത്യയിൽ | • മാനവവിഭവം<br>• മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ<br>• വിദ്യാഭ്യാസവും മാനവവിഭവശേഷി വികസനവും<br>• മാനവവിഭവശേഷി വികസനവും ആരോഗ്യ പരിപാലനവും |

എസ്.സി.ഇ.ആർ.ടി കേരളം

അദ്ധ്യായം-1

## ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

1 വടക്കേ അമേരിക്കയിലേക്കുള്ള യൂറോപ്യൻ കുടിയേറ്റക്കാരുടെ പ്രധാനലക്ഷ്യം എന്തായിരുന്നു? സ്കോർ 1

2.. മെർക്കന്റിലിസത്തിന്റെ ഭാഗമായി ഇംഗ്ലീഷുകാർ നടപ്പിലാക്കിയ നിയമങ്ങൾ ഏവ? സ്കോർ 4

3 അമേരിക്കൻ കോളനിക്കാർക്ക് പ്രചോദനം നൽകിയ രണ്ട് ചിന്തകന്മാർ ആരെല്ലാം? സ്കോർ 2

4 അമേരിക്കൻ സ്വാതന്ത്ര്യസമരം ലോകചരിത്രത്തെ സ്വാധീനിച്ചതെങ്ങനെ? സ്കോർ 4

5. താഴെ കൊടുത്തിരിക്കുന്നവയെ അവയുടെ കാലഗണന അനുസരിച്ച് ക്രമീകരിക്കുക
a. പാരീസ് ഉടമ്പടി b. 1 ാം കൊണ്ടിനെന്റൽ കോൺഗ്രസ് c. ഇംഗ്ലണ്ട്-അമേരിക്കൻ കോളനിയുദ്ധം അവസാനിച്ചു d.അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം സ്കോർ 4

6 ഫ്രഞ്ച് വിപ്ലവകാലത്തെ പാരീസിലെ സാമൂഹ്യസ്ഥിതിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. സ്കോർ 4

7 ഫ്രഞ്ചുവിപ്ലവത്തിന് പ്രചോദനം നൽകിയ ചിന്തകരും അവരുടെ ആശയങ്ങളും ഏതെല്ലാം? സ്കോർ 6

8. ഫ്രാൻസിലെ ദേശീയ അസംബ്ലി പ്രഖ്യാപനത്തിലേക്ക് 3-ാം എസ്റ്റേറ്റിനെ നയിച്ച സാഹചര്യങ്ങൾ ഏവ? (ഏതെങ്കിലും നാലെണ്ണം എഴുതുക) സ്കോർ 4

9 .ടെന്നീസ് കോർട്ട് പ്രതിജ്ഞ എന്താണ്? സ്കോർ 1

10 ഫ്രഞ്ചുവിപ്ലവത്തിന്റെ ഫലങ്ങൾ ഏവ?(ഏതെങ്കിലും നാലെണ്ണം എഴുതുക) സ്കോർ 4

11 നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങൾ പട്ടികപ്പെടുത്തുക. (ഏതെങ്കിലും നാലെണ്ണം) സ്കോർ 4

12. റഷ്യൻ വിപ്ലവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ ഏവ? സ്കോർ 6
13. ഫെബ്രുവരി വിപ്ലവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ ഏവ? സ്കോർ 6
14. അലക്സാണ്ടർ കെറൻസ്കിയുടെ താൽക്കാലിക ഗവൺമെന്റിന്റെ രൂപീകരണത്തിന് ശേഷം ബോൾഷെവിക്കുകൾ ഉന്നയിച്ച ആവശ്യങ്ങൾ ഏവ? സ്കോർ 4
15. ലെനിൻ അധ്യക്ഷനായ കാബിനറ്റ് കൈക്കൊണ്ട വിപ്ലവകരമായ നടപടികൾ ഏവ? സ്കോർ4
16. നെപ്പോളിയൻ ഫ്രാൻസിൽ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങളിൽ ഫ്രഞ്ചു വിപ്ലവാശയങ്ങൾ എത്രത്തോളം പ്രതിഫലിച്ചിട്ടുണ്ട്? പരിശോധിക്കുക. സ്കോർ 4
17. യൂറോപ്യൻ രാജ്യങ്ങൾ നെപ്പോളിയനെ എതിർത്തത് എന്തുകൊണ്ട്? സ്കോർ4

18. ജോൺലോക്ക് ,തോമസ് പെയിൻ എന്നീ ചി ന്തകരുടെ ആശയങ്ങൾ അമേരിക്കൻ കോളനിക്കാർക്ക് പ്രചോദനം നൽകിയത് എങ്ങനെ ? സ്കോർ 2

*19.പതിനെട്ടാം നൂറ്റാണ്ടിൽ വടക്കേഅമേരിക്കയിൽ മുഴങ്ങികേട്ട മുദ്രാവാക്യം ഏത് ?* സ്കോർ 1

*20. രണ്ടാം കൊണ്ടിനെന്റൽ കോൺഗ്രസിന്റെ പ്രാധാന്യം എന്ത്? സ്കോർ 1*

21 . A യ്ക്ക് അനുയോജ്യമാ യി B ക്രമീ കരിക്കുക സ്കോർ 4

| A | B |
|---|---|
| 1 തോമസ് ജെഫേഴ്സൻ | a അമേരിക്കൻ ഭരണ ഘടന |
| 2 തോമസ് പെയിൻ | b പ്രാതിനിധ്യമില്ലാതെ നികുതിയില്ല |
| 3 ജയിംസ് മാഡിസൺ | c കോമൺസെൻസ് |
| 4 ജെയിംസ് ഓട്ടിസ് | d സ്വാതന്ത്ര്യപ്രഖ്യാപനം |

22 പൂർത്തിയാക്കുക

| | |
|---|---|
| .സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ്.എന്നപ്രസ്താവനയിലൂടെസ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി. | റൂസ്സോ |
| യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു. | ......... |
| ഗവർമെന്റിന്റെ നിയമ നിർമാണം, കാര്യ നിർവഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായി തിരിക്കണം | .................... |

സ്കോർ 2

23അമേരിക്കൻ സ്വാതന്ത്ര്യസമരം ഫ്രാൻസിന്റെ സാമ്പത്തിക പ്രതിസന്ധിയെ രൂക്ഷമാക്കിയതെങ്ങനെ? സ്കോർ 2

24. ഫ്രാൻസ് തുമ്മിയാൽ യൂറോപ്പിനാകെ ജലദോഷം പിടിക്കും. ഈ പ്രസ്താവന യുടെ അടിസ്ഥാനത്തിൽ ഫ്രഞ്ച് വിപ്ലവത്തിന്റെ ഫലങ്ങൾ വിശദീകരിക്കുക. സ്കോർ 4

25. ഫെബ്രുവരി വിപ്ലവം, ഒക്ടോബർ വിപ്ലവം ഇവ വിശദീകരിക്കുക സ്കോർ 4

26.റഷ്യയെ വിപ്ലവത്തിലേക്ക് നയിക്കുന്നതിൽ സാഹിത്യകാരന്മാരുടെയും ചിന്തകന്മാരുടെയും പങ്കു വിശദമാക്കുക. സ്കോർ 4

27.ഞാനാണ് രാഷ്ട്രം ഈ പ്രസ്താവന നടത്തിയ ഫ്രാൻസിലെ ഭരണാധികാരി ആര് ? സ്കോർ 1

28.1905 ലെ റഷ്യ -ജപ്പാൻ യുദ്ധത്തിൽ റഷ്യക്കുണ്ടായ പരാജയം റഷ്യയിലുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം ?സ്കോർ 2

29. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ ഏവ? സ്കോർ

30 ഫ്രാൻസിൽ മൂന്നാം എസ്റ്റേറ്റുകാർ സർക്കാറിന് നൽകിയിരുന്ന ഭൂനികുതിയുടെ പേര് എന്ത് ?

31 ഫ്രാൻസിൽ ഒന്നാംഎസ്റ്റേറ്റുകാർ കർഷകരിൽ നിന്ന് പിരിച്ചിരുന്ന നികുതി ഏത്?



.

# ഉത്തരസൂചിക

1 വിഭവങ്ങൾ കൈയ്യടക്കുക

2. കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികൾ നിർമ്മിച്ച കപ്പലുകളിലോ മാത്രം ആകണം.

കോളനികളിൽ ഉൽപ്പാദിപ്പിക്കുന്ന പഞ്ചസാര, പരുത്തി, കമ്പിളി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയയ്ക്കാവൂ.

നിയമപരമായ പ്രമാണങ്ങൾ, വർത്തമാനപത്രത്തിന്റെ ലഘുലേഘകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ മുദ്ര പതിപ്പിക്കണം.

കോളനികളിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലണ്ടുകാരുടെ സൈന്യത്തിനുള്ള താമസസ്ഥലവും അത്യാവശ്യ സൗകര്യങ്ങളും കോളനിക്കാർ നൽകണം.

കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതി ചുങ്കം നൽകണം.

3 ജോൺ ലോക്ക് തോമസ് പെയിൻ

4. പിൽക്കാലസ്വാതന്ത്ര്യ സമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി.

റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടുവെച്ചു.

ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി

ഫെഡറൽ രാഷ്ട്രം എന്ന ആശയം നൽകി.

5. b,d,c,a

6. ഏകാധിപത്യഭരണം, ധൂർത്തന്മാരായ ഭരണാധികാരികൾ

ഭൂരിഭാഗം ജനങ്ങളും ദുരിതത്തിലും, ദാരിദ്ര്യത്തിലും, പട്ടിയിണിയിലും

സാമൂഹ്യ സാമ്പത്തിക അസമത്വങ്ങൾ

ഫ്രഞ്ചുസമൂഹം മൂന്നു തട്ടുകളായി വിഭജിക്കപ്പെട്ടിരുന്നു.

1-ാം എസ്റ്റേറ്റ്, 2-ാം എസ്റ്റേറ്റ്, 3-ാം എസ്റ്റേറ്റ്

7. വോൾട്ടയർ -പുരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിച്ചു. വ്യക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു.

മോണ്ടസ്ക്യൂ -ജനാധിപത്യത്തിനേയും, റിപ്പബ്ലിക്കിനേയും പ്രോത്സാഹിപ്പിച്ചു.

റൂസ്സോ -ജനങ്ങളാണ് പരമാധികാരി എന്ന് പ്രഖ്യാപിച്ചു.

ഫിസിയോക്രാഫ്റ്റുകൾ -മധ്യവർഗ്ഗത്തിന്റെ താൽപ്പര്യങ്ങളെ പ്രോത്സാഹിപ്പിച്ചു.

ഫിലോസഫുകൾ -യുക്തിചിന്തയ്ക്ക് പ്രാധാന്യം നൽകി

8. ഗുരുതരമായ ഫ്രാൻസിന്റെ സാമ്പത്തിക പ്രതിസന്ധി (ആഡംബര ജീവിതം, ധൂർത്ത്, യുദ്ധം, കൃഷിനാശം)

അമേരിക്കൻ സ്വാതന്ത്ര്യസമരത്തിനു ഫ്രഞ്ച് ഭരണാധിപന്മാർ നൽകിയ സഹായങ്ങൾ പ്രതിസന്ധിരൂക്ഷമാക്കി. ഓരോ എസ്റ്റേറ്റിനും ഓരോ വോട്ട് മതിയെന്നും, ഓരോ അംഗത്തിനും ഓരോ വോട്ട് വേണ്ടായെന്നും ആദ്യത്തെ 2 എസ്റ്റേറ്റുകൾ വാദിച്ചു.

എന്നാൽ 3 എസ്റ്റേറ്റുകളിലേയും ഓരോ അംഗത്തിനും ഓരോ വോട്ട് വേണമെന്ന് കോമൺസ് എന്നറിയപ്പെട്ട 3-ാം എസ്റ്റേറ്റ് ആവശ്യപ്പെട്ടു.

പുതിയ നികുതി ചുമത്താൻ ചക്രവർത്തി ലൂയി പതിനാറാമൻ സ്റ്റേറ്റ് ജനറൽ വിളിച്ചു.

9 . ഫ്രാൻസിനുവേണ്ടി ഒരു ഭരണഘടന ഉണ്ടാക്കിയിട്ട് മാത്രമേ പിരിയുകയുള്ളൂ എന്ന പ്രതിജ്ഞ.

10. ലോകത്തുണ്ടായ എല്ലാവിപ്ലവങ്ങൾക്കും ആവേശം പകർന്നു.
സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയം ഉയർത്തിപ്പിടിച്ചു.

11. കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.
പുരോഹിതന്മാരുടെ മേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി.
പൊതുകടം കടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചു.
സാമ്പത്തിക പ്രവർത്തനങ്ങൾക്കായി ബാങ്ക് ഓഫ് ഫ്രാൻസ് രൂപീകരിച്ചു.
ഗതാഗത പുരോഗതിക്കായി നിരവധി റോഡുകൾ നിർമിച്ചു.
നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു പുതിയ നിയമസംഹിത ഉണ്ടാക്കി.

12 സാർ ചക്രവർത്തിമാരുടെ ഏകാധിപത്യത്തിനുകീഴിലുള്ള കർഷകരുടേയും തൊഴിലാളികളുടേയും ദുരിതപൂർണ്ണമായ ജീവിതം
റഷ്യൻ കാർഷിക മേഖലയുടെ കുറഞ്ഞ ഉത്പാദനം.
തുച്ഛമായ വ്യാവസായികോൽപ്പാദനം, വിദേശനിയന്ത്രണമുള്ള വ്യവസായം
സാഹിത്യകാരന്മാർ, ചിന്തകർ എന്നിവരുടെ പ്രചോദനം
ഉദാ: മാക്സിം ഗോർക്കി, ലിയോ ടോൾസ്റ്റോയി, കാൾമാർക്സ്, ഫ്രെഡറിക് ഏംഗൽസ്

13. ബോൾഷെവിക്, മെൻഷെവിക് വിഭാഗം രക്തരൂക്ഷിത ഞായറാഴ്ച
ദ്യൂമ എന്ന നിയമനിർമ്മാണ സഭ രൂപീകരിക്കാൻ നിർബന്ധിക്കപ്പെട്ടു.
1914-ലെ ലോകയുദ്ധത്തിൽ റഷ്യയുടെ പങ്കാളിത്തം പെട്രോഗ്രാഡ് പ്രകടനം
അലക്സാണ്ടർ കെറൻസ്കിയുടെ താൽക്കാലിക ഗവൺമെന്റ്

14 ഒന്നാംലോക മഹായുദ്ധത്തിൽ നിന്നും റഷ്യ പിന്മാറുക

പ്രഭുക്കന്മാരുടെ കൈവശമുള്ള ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യുക.

ഫാക്ടറികൾ ജനങ്ങളുടെ പൊതു സ്വത്താക്കിമാറ്റുക.

15 ഒന്നാംലോക മഹായുദ്ധത്തിൽ നിന്നും റഷ്യ പിന്മാറി.കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി.

പ്രഭുക്കന്മാരുടെ കൈവശമിരുന്ന ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.

ഫാക്ടറികൾ, ബാങ്കുകൾ, ഗതാഗത സൗകര്യങ്ങൾ, വിദേശ വ്യാപാരം എന്നിവപൊതു ഉടമസ്ഥതയിലാക്കി.

16 കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.

പുരോഹിതന്മാരുടെ മേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി

പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചു.

സാമ്പത്തിക പ്രവർത്തനങ്ങൾക്കായി ബാങ്ക് ഓഫ് ഫ്രാൻസ് രൂപീകരിച്ചു.

ഗതാഗത പുരോഗതിക്കായി നിരവധി റോഡുകൾ നിർമിച്ചു

നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ച്ച ഒരു പുതിയ നിയമസംഹിത ഉണ്ടാക്കി

17.ഫ്രഞ്ച് വിപ്ലവ ആശയങ്ങൾക്ക് യോജിച്ച നെപ്പോളിയന്റെ പരിഷ്കാരങ്ങൾ യൂറോപ്പിലാകമാനം വ്യാപിക്കുമോ എന്ന് യൂറോപ്യൻ രാജ്യങ്ങൾ ഭയപ്പെട്ടു

18.**ജോൺലോക്ക്** മനുഷ്യനു ചില മൗലീക അവകാശങ്ങൾ ഉണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവണ്മെന്റിന് അവകാശമില്ല

**തോമസ് പെയിൻ** ഏതെങ്കിലും. വിദേശ ശക്തിക്ക്. ( ഇംഗ്ലണ്ട് )

ഈ വൻകരയെ. ( വടക്കേ. അമേരിക്കയെ ) ദീർഘകാലം കീഴടക്കി കഴിയണമെന്നത് യുക്തിക്കു. നിരക്കുന്നതല്ല. ഈ ആശയങ്ങൾ കോളനിക്കാർക്ക് പ്രചോദനമായി

19.പ്രാതിനിധ്യമില്ലാതെ നികുതിയില്ല.

**20.**ജോർജ് വാഷിങ്ടണിനെ കോളനി സൈന്യത്തിന്റെ തലവനായി തിരഞ്ഞെടുത്തു

21. 1 d 2 c 3 a 4 b

22.വോൾട്ടയർ, മൊണ്ടസ്ക്യൂ

23.ഫ്രാൻസിലെ ഭരണാധികാരികൾ അമേരിക്കൻ കോളനികളെ സമ്പത്തും സൈന്യവും നൽകി സഹായിച്ചു. ഇത് ഫ്രാൻസിന്റെ സാമ്പത്തിക പ്രതിസന്ധിയെ രൂക്ഷമാക്കി.

ഡയറ്റ് ആലപ്പുഴ
നിറകതിർ 2021 SSLC റിവിഷൻസഹായി
പൊതുപരീക്ഷക്കായി കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്

24. പിൽക്കാലത്ത് ലോകത്തുണ്ടായ എല്ലാ വിപ്ലവങ്ങൾക്കും ആവേശം പകർന്നു
യൂറോപ്പിൽ ഫ്യൂഡൽവ്യവസ്ഥയുടെ അന്ത്യത്തിന് വഴിയൊരുക്കി
രാജ്യം എന്നാൽ പ്രദേശം അല്ല രാജ്യത്തെ ജനങ്ങൾ ആണെന്ന് പ്രഖ്യാപിച്ചു
ജനകീയ പരമാധികാരം എന്ന ആശയം മനുഷ്യരാശിക്കു നൽകി
ദേശീയതയുടെ ആവിർഭാവത്തിന് അത് വഴിയൊരുക്കി .
മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു
യൂറോപ്പിൽ നിലനിന്ന സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് ഭീഷണി ഒരുക്കി

25. ഫെബ്രുവരി വിപ്ലവം

1917 ഇൽ റഷ്യയിൽ നിക്കോളസ് രണ്ടാമൻ ചക്രവർത്തിയെ പുറത്താക്കി മെൻഷെവിക്ക് നേതാവായ അലക്സാണ്ടർ കെരന്സ്കി താല്ക്കാലിക ഗവണ്മെന്റ് രൂപീകരിച്ച സംഭവമാണ് ഫെബ്രുവരി വിപ്ലവം.

ഒക്ടോബർ വിപ്ലവം

1917 ഒക്ടോബറിൽ അലക്സാണ്ടർ കെരൻസ്കിയുടെ ഗവണ്മെന്റിനെ പുറത്താക്കി ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവിക്കുകൾ അധികാരം പിടിച്ചെടുത്ത സംഭവം

26. റഷ്യയിലെ തൊഴിലാളികളുടെയും കർഷകരുടെയും ദുരിതജീവിതത്തെ മാക്സിം ഗോർക്കി ,ടോൾസ്റ്റോയി , ആന്റൺ ചെക്കോവ് തുടങ്ങിയ സാഹിത്യകാരന്മാർ അവരുടെ കൃതികളിൽ ചിത്രീകരിച്ചു.

കാൾമാക്സും ഫെഡറിക് എംഗൽസും ആവിഷ്കരിച്ച മാർക്സിസ്റ്റ് ആശയങ്ങൾ തൊഴിലാളികൾക്ക് ആവേശംപകർന്നു.

27. ലൂയി പതിനാലാമൻ

28. രക്തരൂക്ഷിതമായ ഞായറാഴ്ച .
ഡ്യൂമയുടെ രൂപീകരണം.
റഷ്യൻ വിപ്ലവത്തിലേക്ക് നയിച്ചു .

29. ഒന്നാം ലോകയുദ്ധത്തിൽ നിന്ന് റഷ്യ പിന്മാറി.
ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.
പൊതു ഉടമസ്ഥതക്ക് പ്രാധാന്യം .
കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി.
സോഷ്യലിസ്റ്റ് ആശയങ്ങൾ ലോകത്തെ വിവിധ ഭാഗങ്ങളിൽ വ്യാപിച്ചു .


30. തൈലേ

31. തിഫെ

**അദ്ധ്യായം-3**


## പൊതുഭരണം

1. പൊതുഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക.




സ്കോർ 3

2. ഇന്ത്യൻ സിവിൽ സർവ്വീസിന്റെ വർഗ്ഗീകരണം അടിസ്ഥാനമാക്കി ഫ്ളോചാർട്ട് പൂർത്തിയാക്കുക.




സ്കോർ 4

3. ഭരണനവീകരണം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
ഭരണനവീകരണത്തിനായി നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ പട്ടികപ്പെടുത്തുക.
സ്കോർ 3

4. ഇ ഗവേൺസ് എന്നാലെന്ത്? ഇ ഗവേൺസിന്റെ നേട്ടങ്ങൾ എന്തെല്ലാം? സ്കോർ 5.

5. പൊതു ഭരണം എന്നാൽ എന്ത് ? സ്കോർ 2

6.പൊതു ഭരണം എന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ് ഇത് ആരുടെ അഭിപ്രായമാണ് ? സ്കോർ 1

7.രാജഭരണകാലത്തും ജനാധിപത്യ വ്യവസ്ഥയിലും പൊതുഭരണത്തിലെ വ്യത്യാസങ്ങൾ ഏവ? സ്കോർ 4

8.എന്താണ് ഉദ്യോഗസ്ഥവൃന്ദം? സ്കോർ 2

9 .യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ പബ്ലിക് സർവീസ് കമ്മീഷൻ താരതമ്യംചെയ്യുക? സ്കോർ 4

10.യൂണിയൻ പബ്ലിക്സർവീസ് കമ്മീഷൻ പബ്ലിക് സർവീസ് കമ്മീഷൻ ഇവയെ ഭരണഘടനാ സ്ഥാപനങ്ങൾ എന്ന് വിളിക്കുന്നു എന്തുകൊണ്ട് ? സ്കോർ 2

11.പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് ആരാണ്? സ്കോർ 1

12.യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് ആരാണ്? സ്കോർ 1

13. സംസ്ഥാന സർവീസിലേക്ക് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് ആരാണ് സ്കോർ 1.

14. അഖിലേന്ത്യാ സർവീസിലേക്കും കേന്ദ്രസർവീസിലേക്കും ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് ആരാണ്? സ്കോർ 1

15. ജനാധിപത്യവ്യവസ്ഥയെ പൊതുഭരണം കാര്യക്ഷമം ആക്കുന്നത് എങ്ങനെ? സ്കോർ2

## ഉത്തരസൂചിക

1. ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
   സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.
   ജനകീയപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു

2.

a. ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു
b. സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കുന്നു
c. കേന്ദ്രസർവ്വീസിലോ സംസ്ഥാനസർവ്വീസിലോ നിയമിക്കപ്പെടുന്നു. ?
d. കേന്ദ്രഗവൺമെന്റിന് മാത്രം അധികാരമുള്ള വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.

3. ഭരണനിർവ്വഹണത്തിന്റെ കാര്യക്ഷമത കൂട്ടാനും സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കാനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പരിപാടികളാണ് ഭരണനവീകരണം.

ഇ. ഗവേൺസ്, അറിയാനുള്ള അവകാശം, സേവനാവകാശം, സെൻട്രൽ വിജിലൻസ് കമ്മീഷൻ, ലോക്പാൽ, ലോകായുക്ത

4. സേവനത്തിനായി സർക്കാർ ഓഫീസുകളിൽ കാത്തുനിൽക്കേണ്ടതില്ല.
വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം.
സർക്കാർസേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.
ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർദ്ധിക്കുന്നു.

5.രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെൻറിന്റെ നയപരിപാടികളും വികസനപദ്ധതികളും നടപ്പാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണം എന്ന് പറയുന്നു.

6.എൻ. ഗ്ലാഡൻ.

7.രാജഭരണകാലത്ത് രാജാവിന്റെ താൽപര്യങ്ങൾ ആയിരുന്നു പൊതു ഭരണത്തിന് അടിസ്ഥാനം ജനാധിപത്യവ്യവസ്ഥയിൽ ജനങ്ങളുടെ താൽപര്യങ്ങളാണ് പ്രധാനം

8.രാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവഹിക്കുകയും പൊതുഭരണത്തിന് കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഉദ്യോഗസ്ഥവൃന്ദം എന്ന് പറയുന്നു.

**9. യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ**

കേന്ദ്ര സർവീസിലേക്കും അഖിലേന്ത്യാ സർവീസിലേക്കും ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നു .
കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവരെ രാഷ്ട്രപതി നിയമിക്കുന്നു.

**പബ്ലിക് സർവീസ് കമ്മീഷൻ**

സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നു ചെയർമാൻ , അംഗങ്ങൾ എന്നിവരെ ഗവർണർ നിയമിക്കുന്നു

10.ഭരണഘടനാ നിയമത്തെ അടിസ്ഥാനമാക്കി നിലവിൽ വന്ന സ്ഥാപനങ്ങൾ ആണ്.
11.ഗവർണർ.
12.രാഷ്ട്രപതി .
13.പബ്ലിക് സർവീസ് കമ്മീഷൻ
14.യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ.
15.ജനാധിപത്യവ്യവസ്ഥയിൽ ജനങ്ങളുടെ താല്പര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു

അദ്ധ്യായം-5

## സമരവും സ്വാതന്ത്ര്യവും

1. ഗാന്ധിജി നേതൃത്വം നൽകിയ സമരങ്ങളുടെ അടിസ്ഥാനത്തിൽ ഫ്ളോ ചാർട്ട് പൂർത്തിയാക്കുക.

ഗാന്ധിജി നേതൃത്വം നൽകിയ സമരങ്ങൾ

പ്രാദേശിക സമരങ്ങൾ → തുണിമിൽ സമരം → ......................... → .........................

ദേശീയ സമരങ്ങൾ → നിസ്സഹകരണ സമരം → ................................................... . → ....................................

സ്കോർ4 സമയം 2

2. ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിലേക്കു മടങ്ങിവന്ന ഗാന്ധിജിക്ക് വളരെ പെട്ടെന്ന് തന്നെ ഇന്ത്യയിലെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടാൻ കഴിഞ്ഞു. കാരണങ്ങൾ എഴുതുക.

സ്കോർ 4 സമയം 4

3. ഗാന്ധിജി നയിച്ച പ്രാദേശിക സമരങ്ങൾ ഏതെല്ലാം? അവ നടന്ന വർഷം, ഫലം എന്നിവ വിശദീകരിക്കുക.

സ്കോർ 6 സമയം 7

4. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങൾ ഇന്ത്യൻ ജനതയെ സ്വാധീനിച്ചത് എങ്ങനെ?

സ്കോർ 4 സമയം 5

5. റൗലറ്റ് നിയമം പൗരാവകാശത്തിന് എതിരായിരുന്നു. ഈ പ്രസ്താവന വിലയിരുത്തുക.


സ്കോർ 4 സമയം 5

6. പ്ലാസി യുദ്ധം ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ടെങ്കിൽ ജാലിയൻ വാലാബാഗ് സംഭവം

ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറയിളക്കി. ഗാന്ധിജിയുടെ ഈ പ്രതികരണം വിലയിരുത്തുക. സ്കോർ 4 സമയം 5

7. ഗാന്ധിജിയുടെനേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയപ്രക്ഷോഭം ഏത്? സ്കോർ 1 സമയം

8. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി പദസൂര്യൻ പൂർത്തിയാക്കുക. (ഏതെങ്കിലും 4 എണ്ണം)




സ്കോർ 4 സമയം 5

9. അവധിലെ കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു.
ഉത്തർപ്രദേശിലെ കർഷകർ കോളനി ഉദ്യോഗസ്ഥരുടെ
ചുമടുകൾ എടുക്കാൻ വിസമ്മതിച്ചു.

ഏത് സമരവുമായി ബന്ധപ്പെട്ട ഗാന്ധിജിയുടെ ആഹ്വാനം ജനങ്ങൾ സ്വീകരിച്ചതിന്റെ ഉദാഹരണങ്ങളാണിവ? സ്കോർ 1 സമയം 1

10. ബഹിഷ്ക്കരണത്തോടൊപ്പം നിർമ്മാണപ്രവർത്തനങ്ങൾക്കും നിസ്സഹകരണസമരത്തിൽ ഗാന്ധിജി ആഹ്വാനം നൽകി. ഈ പ്രസ്താവന സാധൂകരിക്കുക.
സ്കോർ 4 സമയം 5

11. ചർക്കയിൽ നൂൽ നൂറ്റ് ഖാദി വസ്ത്രങ്ങൾ നെയ്യുക. ഗാന്ധിജിയുടെ ഈ ആഹ്വാനം ഏത് സമരവുമായി ബന്ധപ്പെട്ടിരിക്കുന്നു? ഈ സമരത്തിന്റെ ഏത് അംശവുമായി ഇതിനെ ബന്ധിപ്പിക്കാം? സ്കോർ 2 സമയം 2

12.ഖിലാഫത്ത് പ്രസ്ഥാനത്തെ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തോട് ചേർത്ത് നിർത്തിയത് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ എങ്ങനെ സ്വാധീനിച്ചു?
സ്കോർ 2 സമയം 5

13. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നിസ്സഹകരണസമരത്തിന്റെ പ്രാധാന്യം എന്ത്?
സ്കോർ 3 സമയം 5

14. ഗാന്ധിജി നിസ്സഹരണസമരം നിർത്തിവെയ്ക്കാൻ ഇടയാക്കിയസംഭവം എന്ത്?
സ്കോർ 1 സമയം 1

15. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനം നടന്നത് എന്ന്? ഇതിന്റെ


visit www.shenischool.in whatsapp 70123498606

ചരിത്രപ്രാധാന്യം എന്ത്? സ്കോർ 4 സമയം 6

16. ഉപ്പ് സമരായുധമായി തിരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏവ? സ്കോർ 4 സമയം 5

17. ഏഴുലക്ഷം ഗ്രാമങ്ങളിലെ പത്തുപേർ വീതം ഉപ്പ് കുറുക്കാൻ തുടങ്ങുകയാണെങ്കിൽ ഈ സർക്കാരിന് എന്ത് ചെയ്യാൻ കഴിയും. നിങ്ങൾക്ക് ഊഹിക്കാവുന്നതിൽ ഏറ്റവും നീചനായ സ്വേച്ഛാധിപതിപോലും സമാധാനപരമായി നിയമം ലംഘിക്കുന്ന ജനതയെ പീരങ്കി കൊണ്ട് നേരിടാൻ ഊറ്റം കാണിക്കില്ല. ഗാന്ധിജിയുടെ ഈ ആഹ്വാനം ഇന്ത്യൻ ജനത ഏറ്റെടുത്തത് എങ്ങനെ? വിശദീകരിക്കുക. സ്കോർ 3 സമയം 5

18. ഗുജറാത്തിലെ ധരാസന ഉപ്പുനിർമ്മാണശാലയിലേക്ക് നടന്ന സമരത്തിന് നേതൃത്വം നൽകിയത് ആര്? സ്കോർ 1 സമയം 1

19. അഹിംസയിലൂന്നിയ ധീരതയ്ക്ക് ഏറ്റവും നല്ല ഉദാഹരണമാണ് ഉപ്പ് സത്യാഗ്രഹം. വിശദീകരിക്കുക? സ്കോർ 4 സമയം 8

20. ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ ഉൾപ്പെടുത്തി പദസൂര്യൻ പൂർത്തിയാക്കുക.

ക്വിറ്റ് ഇന്ത്യാസമരം കാരണങ്ങൾ — ഭരണഘടനാ പരിഷ്ക്കാരങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കാൻ ബ്രിട്ടൺ കാണിച്ച വൈമനസ്യം

സ്കോർ 2 സമയം 5

21. നിയമലംഘന സമരത്തിന്റെ ഫലങ്ങൾ പട്ടികപ്പെടുത്തുക. സ്കോർ 3 സമയം 5

22. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സുഭാഷ് ചന്ദ്രബോസിന്റെ പങ്ക് വിലയിരുത്തുക. സ്കോർ 6 സമയം 8

23. നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവെച്ച ആവശ്യങ്ങളേവ? സ്കോർ4

24. ക്വിറ്റ് ഇന്ത്യ സമരം നടന്ന വർഷം? സ്കോർ 1

25. 1941-ലെ ക്വിറ്റ് ഇന്ത്യ സമരത്തിന് കാരണമായ ഘടകങ്ങളേവ? സ്കോർ3

*26.ഭീകരവാദ പ്രവർത്തനങ്ങൾ തടയാനെന്ന പേരിൽ പൗരാവകാശങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തി കൊണ്ട് 1919 ബ്രിട്ടീഷ് പാർലമെൻറ് പാസാക്കിയ നിയമം ഏതായിരുന്നു ? സ്കോർ 1*

*27.ജാലിയൻവാലാബാഗ് ബാഗ് കൂട്ടക്കൊലക്ക് നേതൃത്വം നൽകിയ പട്ടാളമേധാവി ആരായിരുന്നു ? സ്കോർ 1*

*28.1929 നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ലാഹോർ സമ്മേളനത്തിൽ അധ്യക്ഷത് വഹിച്ചതാര്? സ്കോർ 1*

*29.ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ബഹുജനപ്രക്ഷോഭം ഏതായിരുന്നു ?സ്കോർ 1*

*30.ഇന്ത്യൻ നാഷണൽ ആർമിക്ക് രൂപം നൽകിയതാര് ?സ്കോർ 1*

*31. സുഭാഷ് ചന്ദ്രബോസ് രൂപം നൽകിയ രാഷ്ട്രീയപാർട്ടി ഏതാണ്?സ്കോർ 1*

*32.ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ലക്ഷ്യം പൂർണ സ്വരാജ് ആണ് എന്ന് പ്രഖ്യാപിച്ച സമ്മേളനം? സ്കോർ 1*

*33. ധരാസനസമരത്തിന് നേതൃത്വം നൽകിയത് ആര്? സ്കോർ 1*

*34.ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാ വിഭാഗത്തിന്റെ ചുമതല വഹിച്ച മലയാളി ആര്? സ്കോർ 1*

*35.ഇന്ത്യൻ സ്വാതന്ത്രസമരത്തിൽ ഗാന്ധിജി വഹിച്ച പങ്ക് താഴെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക*

*. നിസ്സഹകരണ സമരം*
*. നിയമലംഘനപ്രസ്ഥാനം*
*. ക്വിറ്റ് ഇന്ത്യ സമരം*

*സ്കോർ6*

ഉത്തരസൂചിക

1. ഖേഡ സമരം, ചമ്പാരൻ സമരം.
   സിവിൽ നിയമം ലംഘനം. ക്വിറ്റ് ഇന്ത്യാസമരം
2. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ദക്ഷിണാഫ്രിക്കയിൽ എത്തിയ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ടത്.
   ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നയിച്ച സമരങ്ങൾ .
   സാധാരണ ജനങ്ങളെപ്പോലെ വസ്ത്രം ധരിക്കുകയും ഭക്ഷണം കഴിക്കുകയും അവരുടെ ഭാഷയിൽ സംസാരിച്ചതും.
   തങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്ന രക്ഷകനായി ഗാന്ധിജിയെ വിലയിരുത്തി.
3. ചമ്പാരനിലെ നീലം കർഷകരുടെ സമരം 1917-ൽ നീലം കർഷകർക്ക് അനുകൂലമായ നിയമം പാസ്സാക്കാൻ കഴിഞ്ഞു.
   ഹൈദരാബാദിലെ തുണിമിൽ സമരം 1918. പ്ലേഗ് ബോണസിനെ ചൊല്ലി നടന്ന സമരം ശമ്പളവർദ്ധനവിന് അധികാരികൾ സമ്മതിച്ചു.
   ഖേഡ സമരം.
   വരൾച്ചയും കൃഷിനാശവും ദുരിതത്തിലാക്കിയ ഖേഡയിലെ കർഷകരിൽ നിന്ന് നികുതി പിരിക്കാൻ ശ്രമിച്ചത് 1918. നികുതിയിളവ്.
4. ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും പരിചയപ്പെടാൻ അവസരം.
   ദേശീയ പ്രസ്ഥാനത്തിലേക്ക് സാധരണക്കാർ ആകർഷിക്കപ്പെട്ടു.
   ഗ്രാമപ്രദേശങ്ങളിലേക്ക് ദേശീയ പ്രസ്ഥാനം വ്യാപിച്ചു.
   ദേശീയ നേതാവായി ഗാന്ധിജി മാറി.
5. ഭീകരപ്രവർത്തനം തടയാൻ വേണ്ടി 1919-ൽ നടപ്പിലാക്കി. ഈ നിയമപ്രകാരം ഏതൊരാളെ അറസ്റ്റ് ചെയ്ത് വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കാൻ കഴിഞ്ഞു.
6. 1919-ൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ റൗലറ്റ് നിയമം പൗരാവകാശ നിഷേധമായിരുന്നു.
   ഇതിനെതിരേ സത്യഗ്രഹം ആരംഭിക്കാൻ ഗാന്ധിജിയുടെ ആഹ്വാനം.
   രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധങ്ങൾ, പ്രകടനങ്ങൾ.
   സർക്കാർ ശക് തമായി അടിച്ചമർത്തി.
   ജാലിയൻവാലാബാഗിൽ നിരായുധരായ ജനങ്ങൾക്ക് നേരെ വെടിവെപ്പ്.
   379 പേർ മരിച്ചു.
   ഇന്ത്യയിലെമ്പാടും ശക്തമായ പ്രതിഷേധം.
7. 1920-ലെ നിസ്സഹകരണ സമരം.

8. വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്ക്കരിക്കുക
വക്കീലന്മാർ കോടതികൾ ബഹിഷ്ക്കരിക്കുക
തിരഞ്ഞെടുപ്പുകൾ ബഹിഷ്ക്കരിക്കുക
ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക
നികുതി നൽകാതിരിക്കുക

9. നിസ്സഹകരണസമരം

10. വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്ക്കരിക്കുക, വക്കീലന്മാർ കോടതികൾ ബഹിഷ്ക്കരിക്കുക, തിരഞ്ഞെടുപ്പുകൾ ബഹിഷ്ക്കരിക്കുക, ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക, നികുതി നൽകാതിരിക്കുക, വിദേശവസ്തുക്കൾ ബഹിഷ്രിക്കുക എന്നിവ നിസ്സഹകരണ സമരത്തിന്റെ സവിശേഷതകളായിരുന്നു.

ബഹിഷ്ക്കരണത്തോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്കും ഗാന്ധിജി ആഹ്വാനം നൽകി. ഇതിനേ തുടർന്ന് ജനങ്ങൾ തദ്ദേശീയമായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു. ചർക്കയിൽ നൂൽ നൂറ്റ് ഖാദി വസ്ത്രങ്ങൾ നെയ്തു. ദേശീയവിദ്യാലയങ്ങൾ ആരംഭിക്കുകയും ഹിന്ദി പ്രചരിപ്പിക്കുകയും ചെയ്തു. അയിത്തോച്ചാടന പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി.

11. നിസ്സഹകരണസമരം , നിർമ്മാണ പ്രവർത്തനം

12. സ്വാതന്ത്ര്യ സമരത്തിൽ മുസ്ലീങ്ങളുടെ സജീവ സാന്നിദ്ധ്യം ഉറപ്പാക്കി
ബ്രിട്ടീഷ് വിരുദ്ധ വികാരം ഇന്ത്യയിൽ ഉടനീളം വളർന്നു.
ഹിന്ദു - മുസ്ലീം ഐക്യം ശക്തിപ്പെട്ടു.

13. ഇന്ത്യയിലെ വിദ്യാസമ്പന്നരുടേയും ഉയർന്ന വിഭാഗത്തിൽ ഉള്ളവരിലും ഒതുങ്ങിനിന്നിരുന്ന സ്വാതന്ത്ര്യ പ്രക്ഷോഭത്തെ ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളിലേക്കും ജനവിഭാങ്ങളിലേക്കും വ്യാപിപ്പിക്കാൻ നിസ്സഹകരണപ്രസ്ഥാനത്തിന് കഴിഞ്ഞു.

14. ചൗരിചൗരാ സംഭവം

15. 1929-ൽ ജഹർലാൽ നെഹ്രുവിന്റെ അദ്ധ്യക്ഷതിൽ ലാഹോറിൽവെച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമ്മേളനം നടന്നു.
ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അന്തിമലക്ഷ്യം പൂർണ്ണസ്വരാജ് എന്ന് പ്രഖ്യാപിച്ചു.
ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമലംഘനം ആരംഭിക്കാൻ തീരുമാനിച്ചു.

16. ബ്രിട്ടീഷ് സർക്കാരിന്റെ നികുതി വരുമാനത്തിന്റെ 2/5 ഭാഗവും ഉപ്പിന് മേൽ ചുമത്തുന്ന നികുതിയായിരുന്നു.
ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു.
തദ്ദേശീയരായ ചെറുകിട ഉപ്പുൽപ്പാദകർക്കുമേൽ ഉപ്പുണ്ടാക്കുന്നതിന് നിരോധനം ഏർപ്പെടുത്തി.
ഉപ്പിന്റെ വില മൂന്നു മടങ്ങ് വർദ്ധിപ്പിച്ചിരുന്നു.

സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു മുദ്രാവക്യമായിരുന്നു ഇത്.

17. ജനങ്ങൾ ഉപ്പ് കുറുക്കി നിയമലംഘനസമരത്തിൽ പങ്കെടുത്തു.
കേരളത്തിൽ പയ്യന്നൂർ, തമിഴ്നാട്ടിൽ വേദാരണ്യം, മഹാരാഷ്ട്രയിൽ ബോംബെ, ബംഗാളിൽ നവഖാലി, വടക്കുപടിഞ്ഞാറൻ അതിർത്തി പ്രദേശം എന്നിവ പ്രധാന സമര കേന്ദ്രങ്ങളായി, കടൽത്തീരങ്ങൾ സമരകേന്ദ്രങ്ങളായി, ഇവിടെ ഉപ്പുണ്ടാക്കി സമര വാളന്റിയർമാർ ജനങ്ങൾക്ക് വിതണം ചെയ്തു. ദേശീയപതാക ഉയർത്തി. ബ്രിട്ടീഷ് വിരുദ്ധ മുദ്രാവാക്യം വിളിച്ചു.

18. സരോജിനി നായിഡു

19. നിയമലംഘന സമരം, ഉപ്പ് സമരായുധം, ജനങ്ങൾക്ക് പങ്കാളിത്തം
ഉപ്പു സമരത്തിന്റെ പ്രാധാന്യം.
20. വിലക്കയറ്റം, ക്ഷാമം എന്നിവ സൃഷ്ടിച്ച അതൃപ്തി.
രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൺ പരാജയപ്പെടുമെന്ന തോന്നൽ.

21. നിസ്സാരമെന്ന് തോന്നുന്ന ജനകീയ പ്രശ്നങ്ങളെ ശക്തമായ സമരായുധമാക്കാൻ സാധിക്കുമെന്ന് തെളിയിച്ചു. വൻതോതിൽ ജനപിന്തുണ നേടി.
ബ്രിട്ടീഷ് സർക്കാരിന്റെ ചൂഷണം ലളിതമായി ജനങ്ങളെ ബോദ്ധ്യപ്പെടുത്തി.

22. വ്യത്യസ്തമായ കാഴ്ചപ്പാട്, ഗാന്ധിയൻ സമരരീതികളോട് പലഘട്ടങ്ങളിലും വിയോജിപ്പ് പ്രകടിപ്പിച്ചു,ഫോർവേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയപാർട്ടി രൂപീകരിച്ചു, ഐ എൻ എ യുടെ നേതൃത്വം ഏറ്റെടുത്തു, സിങ്കപ്പൂരിൽവെച്ച് സ്വതന്ത്ര ഭാരതത്തിന് ഒരു താൽക്കാലിക ഗവൺമെന്റ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ചു, ഐ.എൻ.എ യുടെ വനിതാ വിഭാഗമായി ഝാൻസിറാണി റെജിമെന്റ് രൂപീകരിച്ചു. ഇന്ത്യയുടെ വടക്കു കിഴക്കൻ അതിർത്തി വരെ ഇന്ത്യൻ നാഷണൽ ആർമി എത്തുകയും ഇന്ത്യയുടെ ദേശീയപതാക ഇംഫാലിൽ ഉയർത്തുകയും ചെയ്തു.

23. ഉപ്പു നികുതി എടുത്തുകളയുക, കൃഷിക്കാർക്ക് 50% നികുതിയിളവ് നൽകുക, വിദേശവസ്തുക്കളുടെ ഇറക്കുമതിക്ക് ചുമത്തുന്ന നികുതി വർദ്ധിപ്പിക്കുക, രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക, സൈനിക ചെലവും ഉയർന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും വെട്ടിക്കുറയ്ക്കുക, ഇന്ത്യക്കാരെ നിരീക്ഷിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള രഹസ്യാന്വേഷണ വിഭാഗത്തെ പിരിച്ചുവിടുക, തീരദേശ കപ്പൽഗതാഗതം ആരംഭിക്കുക, സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക

24. 1942

25.ഇന്ത്യയിൽ ഭരണഘടനാ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൺ കാണിച്ച വൈമനസ്യം, വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി, രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൺ പരാജയപ്പെടുമെന്ന തോന്നൽ

26. റൗലറ്റ് നിയമം .

27. ജനറൽ ഡയർ .

28. ജവഹർലാൽ നെഹ്റു.

29. ക്വിറ്റിന്ത്യാ സമരം.

30. ഫോർവേഡ് ബ്ലോക്ക്.

31. റാഷ് ബിഹാരി ബോസ് .

32. ലാഹോർ സമ്മേളനം .

33. സരോജിനി നായിഡു.

34.ക്യാപ്റ്റൻ ലക്ഷ്മി.

35.നിസ്സഹകരണ സമരം .
നിയമലംഘനപ്രസ്ഥാനം .
ക്വിറ്റ് ഇന്ത്യ സമരം.
ഓരോന്നും വിശദീകരിക്കുക.

അദ്ധ്യായം-7

# സ്വാതന്ത്ര്യാനന്തര ഇന്ത്യ

1. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടിവന്ന ഏറ്റവും പ്രധാന വെല്ലുവിളി എന്തായിരുന്നു?
സ്കോർ 1 സമയം -1 മിനിട്ട്

2. ഇന്ത്യയുടെ സ്വാതന്ത്ര്യ സമ്പാദനം ഒരേ സമയം സന്തോഷത്തിനും ദുഖത്തിനും വഴി വെച്ചു. സാധൂകരിക്കുക.
സ്കോർ 2 സമയം -2 മിനിട്ട്

3. നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻ യൂണിയനിലേക്കുള്ള സംയോജനം എന്ന പ്രശ്നം സ്വതന്ത്ര ഇന്ത്യ പരിഹരിച്ചത് എങ്ങനെയെന്ന് വിവരിക്കുക.
സ്കോർ 6 സമയം -7 മിനിട്ട

4. സ്വാതന്ത്ര്യത്തിന് ശേഷവും ഇന്ത്യയിൽ സ്വാധീനപ്രദേശങ്ങൾ ഉണ്ടായിരുന്ന വിദേശശക്തികൾ ഏവ? അവയുടെ സ്വാധീനത്തിലുണ്ടായിരുന്ന പ്രദേശങ്ങൾ ഏതെല്ലാം?
സ്കോർ 4 സമയം -5 മിനിട്ട്

5. ഗോവ, ഡാമൻ, ദിയൂ എന്നീ പ്രദേശങ്ങൾ സൈനീക നടപടിയിലൂടെ ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ട വർഷം
സ്കോർ 1 സമയം -1 മിനിട്ട

6.ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ച കൈവരിക്കുന്നതിനായി സ്ഥാപിക്കപ്പെട്ട ഗവേഷണ സ്ഥാപനങ്ങൾ, ശാസ്ത്രസ്ഥാപനങ്ങൾ, പ്രവർത്തിച്ച ശാസ്ത്രജ്ഞന്മാർ എന്നിവ ഉൾപ്പെടുത്തി പട്ടിക നിർമ്മിക്കുക.
സ്കോർ 5 സമയം -5 മിനിട്ട്15.

7.ശാസ്ത്രരംഗത്ത് ഇന്ത്യ നേട്ടങ്ങൾ കൈവരിച്ച മേഖലകൾ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക.

മെഡിക്കൽ വിദ്യാഭ്യാസം
ബയോമെഡിക്കൽ എഞ്ചിനീയറിംങ്
ജനിതകശാസ്ത്രം
..............................
..............................
..............................
ആരോഗ്യം
ഗതാഗതം
ആണവോർജ്ജം

സ്കോർ 3 സമയം -3 മിനിട്ട്

8.. ബഹിരാകാശ ഗവേഷണരംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുക

സ്കോർ 6 സമയം -6 മിനിട്ട

9. ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി ഗവൺമെന്റ് നിയമിച്ച വിവിധ കമ്മീഷനുകളും അവയുടെ ലക്ഷ്യങ്ങളും ശുപാർശകളും ഉൾപ്പെടുത്തി തയ്യാറാക്കിയ പട്ടിക അനുയോജ്യമായി ക്രമീകരിക്കുക

| എ | ബി | സി |
|---|---|---|
| ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദ്ദേശം | സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം |
| ഡോ. രാധാകൃഷ്ണൻ കമ്മീഷൻ | സെക്കന്ററി വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള പഠനം | 10+2+3 മാതൃകയിലെ വിദ്യാഭ്യാസം |
| ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ | സർവ്വകലാശാല വിദ്യാഭ്യാസത്തെ കുറിച്ചുള്ള പഠനം | ത്രിഭാഷാപദ്ധതി |

സ്കോർ 6 സമയം -6 മിനിട്ട്

10 ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം എന്നത് 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രധാന നിർദ്ദേശങ്ങളിൽ ഒന്നാണ്. മറ്റ് പ്രധാന നിർദ്ദേശങ്ങൾ ഏതെല്ലാം? സ്കോർ 3 സമയം -5 മിനിട്ട്

11 ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യശില്പി എന്ന് അറിയപ്പെടുന്നതാര്?
സ്കോർ 1 സമയം -1 മിനിട്ട്

12 സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ് ഇന്ത്യൻ വിദേശ നയത്തിന്റെ പ്രധാന തത്ത്വങ്ങളിൽ ഒന്നാണ്. മറ്റേതെങ്കിലും നാല് പ്രധാന തത്ത്വങ്ങൾ എഴുതുക.
സ്കോർ 5 സമയം -6 മിനിട്ട്

13 പഞ്ചശീല തത്ത്വത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുക
സ്കോർ 5 സമയം -6 മിനിട്ട്

14.നാട്ടുരാജ്യങ്ങളെ ഇന്ത്യൻയൂണിയനിൽ ലയിപ്പിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച മലയാളി ആര്? സ്കോർ 1

15.ഇന്ത്യൻവിദേശനയത്തിന്റെ പ്രധാനതത്ത്വങ്ങൾ പട്ടികപ്പെടുത്തുക സ്കോർ 4

16.ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് , ഇന്ത്യൻ ആണവോർജ കമ്മീഷൻ എന്നിവയുടെ നേതൃത്വം നൽകിയ ശാസ്ത്രജ്ഞൻ ആര്? സ്കോർ 1

17. ലോകത്തെ എല്ലാ ജനവിഭാഗത്തിന്റെയും സൗഖ്യവും, സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്ന വലിയ ദൗത്യം ഏറ്റെടുത്തുകൊണ്ട് എല്ലാവരുമായും സൗഹൃദപരമായ സഹകരണമാണ് നമ്മുടെ ലക്ഷ്യം. ആരുമായും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് ഞങ്ങൾ തയാറല്ലെന്നാണ് ലോകരാജ്യങ്ങളോടുണർത്താനുള്ളത് ആരുടെ വാക്കുകൾ ?
സ്കോർ 1

18. ഇന്ത്യയുടെ ആദ്യത്തെ ചൊവ്വാദൗത്യം അറിയപ്പെടുന്ന പേരെന്ത് ?സ്കോർ 1

19.നാട്ടുരാജ്യങ്ങളുടെ സംയോജനത്തിനായി തയ്യാറാക്കിയ ലയനകരാറിന്റെ പ്രധാനനിർദ്ദേശം എന്തായിരുന്നു?സ്കോർ 2

20 ആധുനികശാസ്ത്രത്തിന്റെ ആരാധകനായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യ ശാസ്ത്ര സാങ്കേതിക മേഖലയിൽ അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിച്ചു. വിശദീകരിക്കുക സ്കോർ 6

21 ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന ഐഎസ്ആർഒ രൂപീകരിച്ചത് എന്ന് ? സ്കോർ 1

22.ഇന്ത്യയുടെ ഭാവി നിർണയിക്കപ്പെടുന്നത് ഇന്ത്യയുടെ ക്ലാസ് മുറികളിലാണ് ഇത് ആരുടെ വാക്കുകൾ ? സ്കോർ 1

23 ഇന്ത്യൻ  വിദേശനയത്തിന്റെ കാതലായ തത്വം എന്താണ്?സ്കോർ 1
24.ഇന്ത്യയുടെ ആദ്യത്തെ ചാന്ദ്രദൗത്യം  അറിയപ്പെടുന്ന  പേരെന്ത് ?സ്കോർ 1
25 ദേശീയ ബഹിരാകാശ ഗവേഷണ സമിതിയുടെ രൂപീകരണത്തിൽ പങ്കാളിയായ  ശാസ്ത്രജ്ഞൻ ആര്? സ്കോർ 1
26.ഇന്ത്യയിൽ ഉപഗ്രഹങ്ങൾ വികസിപ്പിച്ചെടുക്കുന്ന  രണ്ട് ഏജൻസിയുടെ പേര് എഴുതുക സ്കോർ 2
27.പഞ്ചശീലതത്ത്വത്തിൽ ഒപ്പുവച്ച ചൈനീസ് പ്രധാനമന്ത്രി ആര്? സ്കോർ 1

ഉത്തരസൂചിക

1. വിഭജനവും അതിനെ തുടർന്നുണ്ടായ അഭയാർത്ഥി പ്രവാഹവും.

2. കൊളോണിയൽ ഭരണത്തിൽ നിന്നുള്ള സ്വാതന്ത്ര്യം സന്തോഷം നൽകി.
വിഭജനവും വർഗ്ഗീയ കലാപങ്ങളും അഭയാർത്ഥി പ്രവാഹവും ദുഖത്തിന് കാരണമായി.

3. ബ്രിട്ടൺ നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാകിസ്താനിലോ ചേരാനോ സ്വതന്ത്രമായി നിൽക്കാനോ ഉള്ള അധികാരം നൽകിയിരുന്നു.
സർദാർ വല്ലഭായ് പട്ടേലിന് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതല.
വി.പി. മേനോൻ സ്റ്റേറ്റ്സ് ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറി ആയി.
ലയന കരാർ തയ്യാറാക്കി.
പ്രതിരോധം വിദേശകാര്യം വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രഗവൺമെന്റിന് കൈമാറണം.
ജനകീയ പ്രതിഷേധങ്ങളും ഇന്ത്യാ ഗവൺമെന്റിന്റെ പ്രായോഗിക സമീപനം എന്നിവയിലൂടെ ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനകരാറിൽ ഒപ്പുവെച്ചു.
ഹൈദരാബാദ്, കാശ്മീർ, ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങൾ വിട്ടുനിന്നു.
അനുരഞ്ജനത്തിലൂടെയും സൈനിക നടപടികളിലൂടെയും ഇവ പിന്നീട് ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.

4. ഫ്രാൻസ്, പോർട്ടുഗൽ
ഫ്രാൻസിന്റെ അധിനിവേശപ്രദേശം - പോണ്ടിച്ചേരി, കാരക്കൽ, മാഹി, യാനം
പോർട്ടുഗലിന്റെ അധിനിവേശപ്രദേശം - ഗോവ, ഡാമൻ, ദിയൂ

5. 1961

6.

ശാസ്ത്ര ഗവേഷണസ്ഥാപനങ്ങൾ   ശാസ്ത്രസ്ഥാപനങ്ങൾ        ശാസ്ത്രജ്ഞന്മാർ

| | | |
|---|---|---|
| ശാസ്ത്രവ്യാവസായിക ഗവേഷണ സമിതി | ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസേർച്ച് | ഹോമിജഹാംഗീർ ഭാഭ |
| ഇന്ത്യൻ കാർഷിക ഗവേഷണ സമിതി | ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ | എസ്.എൻ.ഭട്ട്നഗർ |
| ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി | | |

7.ജൈവസാങ്കേതികവിദ്യ, സമുദ്രഗവേഷണം, വിവരസാങ്കേതികവിദ്യ

8.. ദേശീയബഹിരാകാശ ഗവേഷണസമിതി, 1969 ഐ.എസ്.ആർ.ഒ

തുമ്പയിൽ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം, 1975-ൽ ആര്യഭട്ടയുടെ വിക്ഷേപണം നാഷണൽ റിമോട്ട് സെൻസിംങ് ഏജൻസി, ഫിസിക്കൽ റിസർച്ച് ലബോറട്ടറി തുടങ്ങിയ ഏജൻസികൾ, അഗ്നി, പൃഥ്വി, മിസൈലുകൾ, ചാന്ദ്രയാൻ, മംഗൾയാൻ

9.

| എ | ബി | സി |
|---|---|---|
| ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ | സെക്കന്ററി വിദ്യാഭ്യാസത്തെ കുറിച്ചുള്ള പഠനം | ത്രിഭാഷാപദ്ധതി |
| ഡോ. രാധാകൃഷ്ണൻ കമ്മീഷൻ | സർവ്വകലാശാല വിദ്യാഭ്യാസത്തെ കുറച്ചുള്ള പഠനം | സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം |
| ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദ്ദേശം | 10+2+3 മാതൃകയിലെ വിദ്യാഭ്യാസം |

10. പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം. പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കാനും സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കണം. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.

11. ജവഹർലാൽ നെഹ്റു

12. വംശീയവാദത്തോടുള്ള വിദ്വേഷം
ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം
സമാധാനപരമായ സഹവർത്തിത്വം
പഞ്ചശീലതത്ത്വങ്ങൾ
വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ
ചേരിചേരായ്മ

13. രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക
പരസ്പരം ആക്രമിക്കാതിരിക്കുക
ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
സമത്വവും പരസ്പരസഹായവും പുലർത്തുക
സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.

14. വി പി മേനോൻ

15.1.സാമ്രാജ്യത്വത്തോടും കൊളോണിയൽവ്യവസ്ഥയോടുമുള്ള എതിർപ്പ്
2.വംശീയ വാദത്തോടുള്ള വിദ്വേഷം
3.ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം
4.സമാധാനപരമായ സഹവർത്തിത്വം പഞ്ചശീലതത്ത്വങ്ങൾ
5 വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ
6 ചേരിചേരായ്മ

16.ഹോമി ജഹാംഗീർ ഭാഭാ

17..ജവഹർലാൽ നെഹ്റു

18.മംഗൾയാൻ

19.പ്രതിരോധം വിദേശകാര്യം വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറണം.

20.ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ , ഐ.ഐ.ടി ,ബഹിരാകാശ ഗവേഷണം വിശദീകരിക്കുക

21. 1969

22..ഡോ. ഡി .എസ് കോത്താരി 23. ചേരിചേരായ്മ

24.ചാന്ദ്രയാൻ 25. വിക്രം സാരാഭായി

26.നാഷണൽ റിമോർട്ട് സെൻസിംഗ് ഏജൻസി , ഫിസിക്കൽ റിസർച്ച് ലബോറട്ടറി

27.ചൗ എൻ ലായ്

അദ്ധ്യായം-1

## ഋതുഭേതങ്ങളും സമയവും

1. താഴെ നൽകിയിരിക്കുന്ന ദിവസങ്ങളിൽ സൂര്യന്റെ ആപേക്ഷികസ്ഥാനം എവിടെ യാണ്
ജൂൺ 21, സെപ്തംബർ 23, ഡിസംബർ 22

സ്കോർ 3 സമയം-3

2. ഗ്രീഷ്മ അയനാന്ത ദിനം, ശൈത്യ അയനാന്ത ദിനം എന്നിവ താരതമ്യം ചെയ്യുക.

സ്കോർ 4 സമയം-4

സൂചന1. സൂര്യന്റെസ്ഥാനം
സൂചന2.രാത്രിയുടേയും പകലിന്റെയും ദൈർഘ്യം

3. സമരാത്രദിനങ്ങൾ അഥവാ വിഷുവങ്ങൾ എന്താണ് എന്ന് വ്യക്തമാക്കുക

സ്കോർ 3 സമയം-4

4. ശൈത്യകാലത്തിൽ നിന്ന് ഉഷ്ണകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലം അറിയപ്പെടുന്നത് എങ്ങനെ?

സ്കോർ 1 സമയം-1

5. ചെടികൾ തളിർക്കുന്നതും പൂക്കുന്നതും ഏത് കാലത്തിന്റെ സവിശേഷതയാണ്?

സ്കോർ 1 സമയം-1

6. താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർധ ഗോളം | ദക്ഷിണാർധ ഗോളം |
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | ഭൂമദ്ധ്യരേഖയിൽ നിന്ന് ഉത്തായനരേഖയിലേക്ക് | ..1.......... | ഹേമന്തം |
| ജൂൺ 21 മുതൽ സെപ്തംബർ 23 വരെ | ......................................... 2 | ഗ്രീഷ്മം | ശൈത്യം |
| സെപ്തംബർ 23 മുതൽ ഡിസംബർ 22 വരെ | .......................3..................... | ഹേമന്തം | വസന്തം |
| ഡിസംബർ 22 മുതൽ മാർച്ച് 31 വരെ | ദക്ഷിണായനരേഖയിൽനിന്ന് ഭൂമദ്ധ്യരേഖയിലേക്ക് | .......4........ | ഗ്രീഷ്മം |

സ്കോർ 4

7 ജൂൺ 21 മുതൽ സെപ്തംബർ 23 വരെ ഉത്തരാർധഗോളത്തിൽ അനുഭവപ്പെടുന്ന ഋതു വസന്തമാണ്. ഈ പ്രസ്താവനയിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.
സ്കോർ 1

8 അച്ചുതണ്ടിന്റെ സമാന്തരത എന്തെന്ന് വ്യക്തമാക്കുക. സ്കോർ 2

9 സൂര്യന്റെ അയനം എന്താണെന്ന് വ്യക്തമാക്കുക സ്കോർ 2

10. പ്രാദേശിക സമയം, സ്റ്റാന്റേർഡ് സമയം വ്യത്യാസം കുറിക്കുക. സ്കോർ 2

11. 82$^0$ 30 പൂർവ്വ രേഖാംശത്തെ ഇന്ത്യയുടെ മാനകരേഖാംശമായി കണക്കാക്കിയത് എന്തുകൊണ്ട്? സ്കോർ 2

12 അന്താരാഷ്ട്ര ദിനാങ്കരേഖ ഒരു നേർ രേഖയല്ല എന്തുകൊണ്ട്? സ്കോർ 2

13. അന്താരാഷ്ട്ര ദിനാങ്കരേഖ മുറിച്ചുകടന്ന് പടിഞ്ഞാറോട്ടു പോകുന്ന സഞ്ചാരികൾ കലണ്ടറിൽ ഒരു ദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ദിവസം കുറച്ചും സമയം കണക്കാക്കുന്നു. ഈ പ്രസ്താവനയിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.
സ്കോർ 1

14. അരുണാചൽപ്രദേശിൽ സൂര്യോദയം കഴിഞ്ഞ് ഒന്നര മണിക്കൂർ കഴിഞ്ഞാണ് കോഴിക്കോട്ട് സൂര്യോദയം ഉണ്ടാകുന്നത്. എന്താണ് ഇതിന് കാരണം? സ്കോർ 2
15 ഗ്രീനിച്ചിൽ രാവിലെ പത്ത് മണി ആയിരിക്കുമ്പോൾ രാവിലെ 8 മണി അനുഭവപ്പെടുന്ന പ്രദേശത്തിന്റെ രേഖാംശം എത്രയായിരിക്കുന്നു? സ്കോർ 2
16 ഇംഗ്ലണ്ടിൽ വൈകിട്ട് 5 മണിക്ക് ആരംഭിക്കുന്ന ഫുട്ബോൾ മത്സരത്തിന്റെ തത്സമയ സംപ്രേക്ഷണം ഇന്ത്യയിൽ എപ്പോൾ കാണാൻ കഴിയും സ്കോർ 2
17 $15^0$ E ലും $15^0$ W രേഖാംശത്തിലും നിൽക്കുന്ന 2 പേർക്ക് അനുഭവപ്പെടുന്ന സമയവ്യത്യാസം എത്രയായിരിക്കും?
18. ദീർഘവൃത്താകൃതിയിലുള്ള സഞ്ചാരപഥത്തിലൂടെ ഭൂമി സൂര്യനെ വലംവയ്ക്കുന്നതിന് പറയുന്ന പേര്? സ്കോർ 1
19. ജൂൺ 21 ന് സൂര്യന്റെ സ്ഥാനം ഉത്തരായന രേഖയ്ക്ക് നേർമുകളിലായിരിക്കും ഈ ദിവസത്തിന് പറയുന്ന പേര്? സ്കോർ 1
20 ഡിസംബർ 22 ന് സൂര്യന്റെ സ്ഥാനം ദക്ഷിണായന രേഖയ്ക്ക് നേർമുകളിലായിരിക്കും ഈ ദിവസത്തിന് പറയുന്ന പേര്? സ്കോർ 1
21 180 ഡിഗ്രി രേഖാംശരേഖ ഏത് പേരിലാണ് അറിയപ്പെടുന്നത്? സ്കോർ 1
22ഇന്ത്യയുടെ മാനക രേഖാംശം എന്ന് അറിയപ്പെടുന്ന രേഖാംശരേഖ ഏത്?സ്കോർ1
23ഗ്രീനിച്ച് സമയവും ഇന്ത്യൻ സ്റ്റാൻഡേർഡ് സമയവും തമ്മിലുള്ള വ്യത്യാസം എത്ര മണിക്കൂർ ആണ്?സ്കോർ 1
24ഇന്ത്യയിലെ മുംബൈ ഡൽഹി കൽക്കട്ട ചെന്നൈ എന്നിവിടങ്ങളിൽ എവിടെയാണ് സൂര്യോദയം ആദ്യം കാണുന്നത് സ്കോർ 1
25ഉഷ്ണകാലത്തിൽ നിന്ന് ശൈത്യ കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലം ഏത് പേരിലാണ് അറിയപ്പെടുന്നത്? സ്കോർ 1
26 ഇംഗ്ലണ്ടിൽ രാവിലെ എട്ടു മണിക്ക് ആരംഭിക്കുന്ന ഫുട്ബോൾ മത്സരം ഇന്ത്യയിൽ എപ്പോൾ ലഭ്യമാകും? സ്കോർ 1
27ഒരു മണിക്കൂർ സമയവ്യത്യാസമുള്ള എത്ര സമയമേഖലകളാണ് ലോകത്ത് ഉള്ളത്? സ്കോർ 1
28 ശൈത്യകാലത്തിൽ നിന്ന് ഉഷ്ണകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലം ഏത് പേരിലാണ് അറിയപ്പെടുന്നത്? സ്കോർ 1
29 ഇന്ത്യയിൽ ഏത് സംസ്ഥാനത്തുള്ളവരായിരിക്കും ആദ്യം ഉദയസൂര്യനെ കാണുന്നത്? സ്കോർ 1
30ഗ്രീനിച്ച് സമയത്തിൽ നിന്ന് മൂന്നുമണിക്കൂർ കുറവ് സമയവ്യത്യാസമുള്ള സ്ഥലത്തിന്റെ അത് രേഖാംശം എത്രയായിരിക്കും?സ്കോർ 1
31 ഭൂമിയിൽ വ്യത്യസ്ത ഋതുക്കൾ ഉണ്ടാകാനുള്ള കാരണങ്ങൾ ഏവ? സ്കോർ 4

ഉത്തരസൂചിക

1. – ഉത്തരായനരേഖ, ഭൂമദ്ധ്യരേഖ, ദക്ഷിണായനരേഖ

2. സൂര്യന്റെ അയനം മൂലം ജൂൺ 21–ന് സൂര്യന്റെ സ്ഥാനം ഉത്തരായനരേഖയ്ക്ക് നേർ മുകളിലായിരിക്കും. ഈ ദിവസത്തെ ഗ്രീഷ്മ അയനാന്ത ദിനം എന്നു വിളിക്കുന്നു. ഈ ദിവസം ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ദക്ഷിണാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ രാത്രിയും അനുഭവപ്പെടുന്നു.

ഡിസംബർ 22–ന് സൂര്യന്റെ സ്ഥാനം ദക്ഷിണായനരേഖയ്ക്ക് നേർ മുകളിലായിരിക്കും. ഈ ദിവസത്തെ ശൈത്യ അയനാന്ത ദിനം എന്നു വിളിക്കുന്നു. ഈ ദിവസം ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ രാത്രിയും ദക്ഷിണാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും അനുഭവപ്പെടുന്നു.

3. പരിക്രമണവേളയിൽ സൂര്യന്റെ ആപേക്ഷികസ്ഥാനം മാർച്ച് 21, സെപ്തംബർ 23 എന്നീ ദിവസങ്ങളിൽ മധ്യരേഖയ്ക്ക് നേർമുകളിലാകുന്നു. ഉത്തരാർധഗോളത്തിലും ദക്ഷിഷാർധഗോളത്തിലും തുല്യ അളവിൽ സൂര്യപ്രകാശം ലഭിക്കുന്നു. ഈ ദിനങ്ങളിൽ പകലുകളുടെ ദൈർഘ്യം രണ്ട് അർധഗോളങ്ങളിലും തുല്യമായിരിക്കും. ഇവയെ സമരാത്രദിനങ്ങൾ എന്നുവിളിക്കുന്നു.

4. വസന്തകാലം

5. വസന്തകാലം

6

1.വസന്തം 2 ഉത്തായനരേഖയിയിൽനിന്ന് ഭൂമദ്ധ്യരേഖയിലേക്ക് 3. ഭൂമദ്ധ്യരേഖയിൽ നിന്ന് ദക്ഷിണായനരേഖയിലേക്ക് 4. ശൈത്യം

7 തെറ്റ് – ഗ്രീഷ്മം

8 ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണ തലത്തിൽ 66 ½ $^{0}$W ലംബതലത്തിൽ 23 ½ $^{0}$W ചരിവുണ്ട്. ഭൂമി പരിക്രമണ വേളയിലുടനീളം ഈ ചരിവ് നിലനിർത്തുന്നു. ഇതാണ് അച്ചുതണ്ടിന്റെ സമാന്തരത

9 ഭൂമിക്ക് ആപേക്ഷികമായി സൂര്യന്റെ സ്ഥാനത്തിന് മാറ്റമുണ്ടാകുന്നു. ഉത്തരായനരേഖയ്ക്കും ദക്ഷിണായന രേഖയ്ക്കുമിടയിൽ സൂര്യനുണ്ടാക്കുന്ന ആപേക്ഷിക സ്ഥാനമാറ്റമാണ് അയനം.

10. ഓരോ സ്ഥലത്തും സൂര്യന്റെ ഉച്ചനിലയെ ആധാരമാക്കി നിർണ്ണയിക്കുന്ന സമയം- പ്രാദേശിക സമയം.

11 ഇന്ത്യയുടെ രേഖാംശവ്യാപ്തി 68 $^0$ E മുതൽ 87 $^0$ E ഏകദേശം 30 $^0$ 82 ½ $^0$ E മദ്ധ്യരേഖാംശമായി വരുന്നു.

12 ഗ്രീനിച്ച് രേഖയിൽ നിന്ന് കിഴക്കോട്ട് പോകുമ്പോൾ

സമയം കൂടിവരികയും പടിഞ്ഞാറോട്ട് പോകുമ്പോൾ സമയം കുറഞ്ഞുവരുകയും ചെയ്യുന്നു.-180 $^0$രേഖാംശരേഖയിൽ 24 മണിക്കൂറിന്റെ സമയവ്യത്യാസം അനുഭവപ്പെടുന്നു. ഇത് പരിഹരിക്കാൻ ഈ രേഖയെ കരഭാഗങ്ങൾ ഒഴിവാക്കി ക്രമീകരിച്ചിരിക്കുന്നു.

13 തെറ്റില്ല.

14 ഭൂമി പടിഞ്ഞാറുനിന്ന് കിഴക്കോട്ട് കറങ്ങുന്നു. ഇന്ത്യയുടെ കിഴക്കുപടിഞ്ഞാറ് രേഖാംശവ്യാപ്തി.

15 30$^0$ W

16 രാത്രി 10.30

ഇംഗ്ലണ്ടിലെ മാനക രേഖാംശം 0 ഡിഗ്രി

ഇന്ത്യയുടെ മാനക രേഖാംശം 82 ½ $^0$ E

ഇവ തമ്മിലുള്ള രേഖാംശ വ്യത്യാസം 82 ½ $^0$

സമയവ്യത്യാസം 5 ½ മണിക്കൂർ

17 2 മണിക്കൂർ

18 പരിക്രമണം

19 ഗ്രീഷ്മ അയനാന്ത ദിനം

20ശൈത്യ അയനാന്ത ദിനം

21അന്താരാഷ്ട്ര ദിനാങ്കരേഖ

22 82.5 ഡിഗ്രി കിഴക്ക്

23അഞ്ചര മണിക്കൂർ

24 കൽക്കട്ട

25ഹേമന്ത കാലം

26 ഉച്ചക്ക് 1.30 തിന്

27 24 സമയമേഖലകൾ

28 വസന്ത കാലം

29അരുണാചൽ പ്രദേശ്

30 45 ഡിഗ്രിപടിഞ്ഞാറ്

31 ഭൂമിയുടെ പരിക്രമണം , അച്ചുതണ്ടിന്റെചരിവ് ,അച്ചുതണ്ടിന്റെ സമാന്തരത

### *അദ്ധ്യായം-3*

## *മാനവവിഭവശേഷി വികസനം ഇന്ത്യയിൽ*

*1. രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ നൽകുന്നു എന്നത് മാനവശേഷി വികസനത്തിന്റെ ഒരു തലമാണ്. മറ്റ് തലങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുക? സ്കോർ 3*


*2. മാനവവിഭവം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? സ്കോർ 2*

*3. മാനവ വിഭവശേഷി വികസനം എന്നാലെന്ത്? സ്കോർ 2*

*4. താഴെ തന്നിരിക്കുന്ന മാനവ വിഭവശേഷി വികസനത്തിന്റെ സവിശേഷതകളെ ഗുണപരമായതെന്തെന്നും, ഗണപരമായതെന്തെന്നും തരം തിരിച്ച് പട്ടികപ്പെടുത്തുക. സ്കോർ 4*

a *ജനസംഖ്യാവലിപ്പം*
b *വിദ്യാഭ്യാസം*
c *ആരോഗ്യപരിപാലനം*
d *ജനസാന്ദ്രത*
e *ജനസംഖ്യാവളർച്ച*
f *ആയുർദൈർഘ്യം*
g *ജനസംഖ്യാഘടന*
h. *സാക്ഷരതാ നിരക്ക്*

*5. മാനവ വിഭവശേഷി വികസനം വിദ്യാഭ്യാസത്തിലൂടെ സാധ്യമാകുന്നു. ഇക്കാര്യം ചിത്രീകരിച്ചിട്ടുള്ള ഫ്ളോ ചാർട്ടിൽ പൂർത്തീകരിക്കുക.*



*6.. വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി ഇന്ത്യയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏവ? അവയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം?*
*സ്കോർ 4*

*7.. ഇന്ത്യയുടെ വിദ്യാഭ്യാസരംഗത്ത് ഇനിയും പരിഹരിക്കേണ്ട പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട് . അവ കണ്ടെത്തി എഴുതുക? സ്കോർ 3*

*8. ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയെ സഹായിക്കുന്നതെങ്ങനെ?*

*9. ഗുണമേന്മയുള്ള ആരോഗ്യസേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനുവേണ്ടി ഗ്രാമീണ-നഗര മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം സ്കോർ 2*

*10 2009-ൽ പാസാക്കിയ വിദ്യാഭ്യാസ അവകാശനിയമത്തിന്റെ ലക്ഷ്യം എന്ത്?*
*സ്കോർ 1*
*11 ഉത്പാദന രംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അധ്വാനശേഷിയുള്ള ജനവിഭാഗത്തെ വിളിക്കുന്ന പേര്? സ്കോർ 1*

*12. താഴെ കൊടുത്തിരിക്കുന്നതിൽ ഏതാണ് മാനവ വിഭവത്തിന്റെ ഗുണപരമായ സവിശേഷതകളിൽ ഉൾപ്പെടാത്തത്? സ്കോർ 1*
*(വിദ്യാഭ്യാസം, ആരോഗ്യം, പരിശീലനം, ജനസംഖ്യ )*

*13. ഉന്നത വിദ്യാഭ്യാസ ലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇന്ത്യയിൽ ആരംഭിച്ച വിദ്യാഭ്യാസ പദ്ധതി ഏത്? സ്കോർ 1*
ICDS, SSA, RUSA

*14. ഒരു വ്യക്തി ശരാശരി എത്ര വയസ്സുവരെ ജീവിച്ചിരിക്കുന്നു എന്നതിനെ നിർവ്വചിച്ചിരിക്കുന്ന പദം ഏത്? സ്കോർ 1*

*15. താഴെ കൊടുത്തിരിക്കുന്ന ആരോഗ്യ മിഷനിൽ ഏതാണ് ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്നത്?സ്കോർ 1*
*(ദേശീയ ഗ്രാമീണ മിഷൻ, ദേശീയ നാഗരാരോഗ്യ മിഷൻ )*

ഉത്തരസൂചിക

1.a വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു.

b കുടുംബം വ്യക്തികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു.

c വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം, പരിശീലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു

2. ഉൽപ്പാദനരംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അദ്ധ്വാനശേഷിയുള്ള ജനങ്ങളാണ് മാനവ വിഭവം.

3. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, പരിശീലനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിന് മാനവ വിഭവശേഷി വികസനം എന്നുവിളിക്കുന്നു.

4.

| ഗുണപരം | ഗണപരം |
|---|---|
| a,d,e,g | d,c,f,h |

5. a വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു b മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാകുന്നു.

6. a സർവ്വ ശിക്ഷാഅഭിയാൻ b സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക
c രാഷ്ട്രീയ ഉച്ചതൽ ശിക്ഷാഅഭിയാൻ d യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക.

7. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരുവിഭാഗം വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോകുന്നു.
വിദ്യാഭ്യാസമേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്.
വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടേണ്ടതുണ്ട്.

8. തൊഴിൽ ദിനങ്ങളുടെഎണ്ണം, കാര്യക്ഷത എന്നിവ വർദ്ധിക്കുന്നതുകൊണ്ട് ഉത്പാദനം കൂടും.
പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും
ചികിത്സാചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും.
ഉത്പാദന വർദ്ധവിലൂടെ സാമ്പത്തിക വികസനം സാധ്യമാകും.

9. ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ, ദേശീയ നഗരാരോഗ്യ മിഷൻ

10 എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കുക

11. മാനവ വിഭവം

12. ജനസംഖ്യ

13 RUSA

14. ആയുർ ദൈർഘ്യം

15. ദേശീയ ഗ്രാമീണ മിഷൻ

അദ്ധ്യായം -7

## വൈവിദ്ധ്യങ്ങളുടെ ഇന്ത്യ

1. ഇന്ത്യയുടെ വടക്കുഭാഗത്തുള്ള പർവ്വതനിരകളുടെ പേരുകളാണ് ചുവടെ നൽകിയിട്ടുള്ളത്. അവയെ തരംതിരിച്ച് പട്ടികപ്പെടുത്തുക. സ്കോർ 3

| ട്രാൻസ് ഹിമാലയം | ഹിമാലയം | കിഴക്കൻ മലനിരകൾ |
|---|---|---|

a. കാറക്കോറം
b. ജയന്തിയ
c. ഹിമാചൽ
d. സിവാലിക്
e. ലഡാക്ക്
f. നാഗാകുന്നുകൾ

2. ഇന്ത്യയിലെ റെയിൽ, റോഡ്, കനാൽ എന്നിവയുടെ ശൃംഖല ഏറ്റവും കൂടുതൽ ഉത്തര മഹാസമതലം എന്ന ഭൂപ്രകൃതി വിഭാഗത്തിലാണ്. എന്തുകൊണ്ട്? സ്കോർ 2

3. സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഹിമാലയൻ നദികളേയും ഉപദ്വീപീയ നദികളേയും താരതമ്യം ചെയ്യുക. സ്കോർ 4

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| അപരദനതീവ്രത കൂടുതൽ | അപരദനതീവ്രത കുറവ് |

4. ഹിമാലയ പർവ്വതനിരകൾ ഇന്ത്യയുടെ സംസ്കാരത്തേയും ജനജീവിതത്തേയും സ്വാധീനിക്കുന്നു. എങ്ങനെയെന്ന് വ്യക്തമാക്കുക. സ്കോർ 4

5. ഇന്ത്യയിലെ ജനജീവിതത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകമാണ് ഭൂപ്രകൃതി വിഭാഗം. ഉത്തരപർവ്വത മേഖല, ഉത്തരമഹാസമതലം, ഉപദ്വീപീയ പീഠഭൂമി എന്നീ ഭൂപ്രകൃതി വിഭാഗങ്ങളെ ജനസാന്ദ്രത, തൊഴിൽ എന്നീ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യപ്പെടുത്തി എഴുതുക. സ്കോർ 6

6 താഴെ കൊടുത്തിരിക്കുന്നവയെ ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക.
a. കച്ച് ഉപദ്വീപ് സ്കോർ 5
b.പൂർവ്വഘട്ടം
c. കൃഷ്ണനദി
d. ആരവല്ലി പർവ്വതനിര
e. മാൾവ പൂഠഭൂമി
7. ഉത്തരപർവ്വത മേഖലയുടെ ഭാഗമായ ഹിമാലയത്തിന്റെ ഒരു വിഭാഗമാണ് ഹിമാചൽ.
a.മറ്റ് രണ്ട് ഉപവിഭാഗങ്ങളുടെ പേരെഴുതുക.
b.ഇതിൽ ഏതെങ്കിലും ഒന്നിന്റെ സവിശേഷതകൾ എഴുതുക. സ്കോർ 5

8. ഉപദ്വീപീയനദികളുടെ സവിശേഷതകൾ ഉൾപ്പെടുത്തി പട്ടികപൂർത്തിയാക്കുക.

| നദി | ഉത്ഭവം | പ്രധാനപോഷക നദി | ചെന്ന് ചേരുന്ന കടൽ |
|---|---|---|---|
| മഹാനദി | ............. | ടെൽ | ബംഗാൾ ഉൾക്കടൽ |
| നർമ്മദ | മൈക്കലാനിരകൾ | .................. | ............................ |
| ............... | പശ്ചിമഘട്ടത്തിലെ ബ്രഹ്മഹിരി നിരകൾ | . ................. | .................................. |

സ്കോർ 6

9. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക സ്കോർ 3

| | |
|---|---|
| സിന്ധു | ഘാഗ്ര |
| ഗംഗ | ലൂഹിത് |
| ബ്രഹ്മപുത്ര | ബിയാസ് |

10 ലോകത്തിൽ വച്ച് ഏറ്റവും ജനസാന്ദ്രത കൂടിയ സമതലങ്ങളിൽ ഒന്നാണ് ഉത്തര മഹാസമതലം. കാരണം വിശദമാക്കുക? സ്കോർ 3
11. ഉത്തരമഹാസമതലത്തിൽ പൊതുവെ ജനസംഖ്യ കൂടുതലാണ് എന്നാൽ ഇതിന്റെ പടിഞ്ഞാറ് ഭാഗത്ത് ജനസംഖ്യ വളരെ കുറവാണ് എന്തുകൊണ്ട്? സ്കോർ 2

12.ഉപദ്വീപീയ പീഠഭൂമി 'ധാതുക്കളുടെ കലവറ'എന്ന് അറിയപ്പെടാനുള്ള കാരണം എന്ത്? സ്കോർ 1)

13. ഇന്ത്യയിലെ ഏറ്റവും വലിയ വെള്ളച്ചാട്ടം?സ്കോർ 1)

14. ജോഗ് വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്നത് ഏത് നദിയിലാണ്?സ്കോർ 1)

15 ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ഉപദ്വീപിയനദി?സ്കോർ 1)

16 മൺസൂൺ മഴയും ഇടവിട്ടുള്ള വേനൽകാലവും അനുഭപ്പെടുന്ന പ്രദേശങ്ങളിൽ കാണപ്പെടുന്ന മണ്ണ്?സ്കോർ 1)

17 ഇന്ത്യയുടെ 'ധാതുകലവറ' എന്നറിയപ്പെടുന്ന ഭൂവിഭാഗം ഏത്?സ്കോർ 1)

18 തിബറ്റിലെ ചെമയുങ്തുങ് ഹിമാനിയിൽ നിന്ന് ഉത്ഭവിക്കുന്ന നദി? സ്കോർ 1

19 ഉത്തര പർവ്വത മേഖലയിലെ പ്രധാന മണ്ണിനം ഏത്?സ്കോർ 1)

20 ഹിമാലയത്തിലെ ഏറ്റവും ഉയരം കൂടിയ പർവ്വതനിര?സ്കോർ 1)

21 ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി?സ്കോർ 1)

22. കിഴക്കൻ മലനിരകൾക്ക് പറയുന്ന മറ്റൊരു പേര്?സ്കോർ 1)

23. സിവാലിക് പർവ്വതനിരയുടെ സവിശേഷതകൾ ഏവ? സ്കോർ 2

24.ഉത്തര പർവത നിരയിൽ ഉടനീളം കാണപ്പെടുന്ന മണ്ണിനം ഏതാണ് ?സ്കോർ 1

25.ഉപദ്വീപീയ പീഠഭൂമിയിൽ കാണപ്പെടുന്ന പ്രധാന മണ്ണിനങ്ങൾ ഏതെല്ലാം?സ്കോർ 3

26.ലക്ഷദ്വീപിന്റെ തലസ്ഥാനം എവിടെയാണ് ?സ്കോർ 1

27.ഇന്ത്യയിലെ ഏക സജീവ അഗ്നിപർവതം ഏതാണ് ?സ്കോർ1

28. ഉത്തര പർവ്വത മേഖലയുടെ ഒരു ഉപവിഭാഗമാണ് ട്രാൻസ് -ഹിമാലയം മറ്റ് രണ്ട് ഉപവിഭാഗങ്ങൾ ഏതെല്ലാം സ്കോർ 2

29. ഉത്തര പർവ്വത മേഖലയുടെ ഭാഗമായ കിഴക്കൻ മലനിരകളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക? സ്കോർ 4(ഏതെങ്കിലും 4 എണ്ണം )

## ഉത്തരസൂചിക

1 ട്രാൻസ് ഹിമാലയം -കാരക്കോറം, ലഡാക്ക്
ഹിമാലയം-ഹിമാചൽ, സിവാലിക്
കിഴക്കൻ മലനിരകൾ- ജയന്തിയ, നാഗാകുന്നുകൾ

2. അതിവിശാലവും നിരപ്പേറിയതുമായ ഭൂസവിശേഷത
ഉയർന്ന ജനസാന്ദ്രത
കൃഷി, വ്യവസായം എന്നിവ വർദ്ധിച്ചപ്പോൾ ഗതാഗതത്തിന് ഉണ്ടായ അനിവാര്യത

3. ഹിമാലയൻ നദികൾ ഉപദ്വീപീയ നദികൾ

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| ഹിമാലയപർവ്വതനിരകളിൽ നിന്ന് ഉത്ഭവിക്കുന്നു. | ഉത്ഭവം-ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകൾ |
| അതിവിസ്തൃതമായ വൃഷ്ടിപ്രദേശം | വിസ്തൃതികുറഞ്ഞ വൃഷ്ടിപ്രദേശം |
| ഉയർന്ന ജലസേചനശേഷി | കുറഞ്ഞ ജലസേചനശേഷി |
| ഉൾനാടൻ ജലഗതാഗതത്തിന്സാധ്യത | ഉൾനാടൻ ജലഗതാഗതത്തിന് സാധ്യതകുറവ് |

4. വടക്കുപടിഞ്ഞാറുള്ള വൈദേശിക ആക്രമണങ്ങളിൽ നിന്നും സംരക്ഷിക്കുന്നു.
മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യയിൽ ഉടനീളം മഴപെയ്യിക്കുന്നു.
വടക്കുനിന്നുവീശുന്ന ശീതക്കാറ്റിനെ തടഞ്ഞുനിർത്തുന്നു.
നദികളുടെ ഉറവിടം(ഉത്ഭവസ്ഥാനം) മായി നിലകൊള്ളുന്നു.
വൈവിദ്ധ്യമാർന്ന സസ്യജന്തുജാലങ്ങൾ

5. ഉത്തരപർവ്വത മേഖല - ജനസാന്ദ്രത ഏറ്റവും കുറവ്
തൊഴിൽ - മൃഗപരിപാലനം, കൃഷി. ചിലയിടങ്ങളിൽ മാത്രം
ഉത്തരമഹാസമതലം - ജനസാന്ദ്രത ഏറ്റവും കൂടുതൽ
തൊഴിൽ-കൃഷി, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ
ഉപദ്വീപീയ പീഠഭൂമി -ജനസാന്ദ്രത കൂടുതൽ
തൊഴിൽ-കൃഷി, ധാതു അധിഷ്ഠിത വ്യവസായം

7 . ഹിമാദ്രി, സിവാലിക്
ഹിമാദ്രി, ഹിമാചൽ, സിവാലിക് **ഏതെങ്കിലും ഒരെണ്ണം വിശദീകരിക്കണം.**

8 a. മൈക്കലാനിരകൾ, b.ഹിരൺ, c.അറബിക്കടൽ, d. കാവേരി. e. അമരാവതി

9 സിന്ധു - ബിയാസ് , ഗംഗ - ഘാഘ്ര, ബ്രഹ്മപുത്ര - ലൂഹിത്

10.* ഫലഭൂയിഷ്ഠി കൂടിയ എക്കൽ മണ്ണ് * നിരപ്പാർന്ന സമതലം* ജല സമൃദ്ധി
* മിതമായ കാലാവസ്ഥ* കൃഷിയുടെ സാധ്യത* റോഡ്, റയിൽ, കനാൽ ഇവയുടെ കൂടിയ ശൃഖല(ഏതെങ്കിലും മൂന്നെണ്ണം )
11.മഴ തീരെ കുറവ്* ഫലഭൂയ്ഷ്ഠി കുറഞ്ഞ മണ്ണ്* കള്ളിമുൾച്ചെടികളും, കുറ്റിക്കാടുകളും കാണപ്പെടുന്നു* കൃഷി വളരെക്കുറവ് (ഏതെങ്കിലും രണ്ട് എണ്ണം )
12. വിവിധതരം ധാതുക്കൾ ധാരാളമായി കാണപ്പെടുന്നു
13.ജോഗ് വെള്ളച്ചാട്ടം
14.ശരാവതി
15.ഗോദാവരി
16.ലാറ്ററൈറ്റ് മണ്ണ് (ചെങ്കൽ മണ്ണ് )
17.ഉപദ്വീപിയ പീഠഭൂമി.
18 .ബ്രഹ്മപുത്ര
19.പർവ്വതമണ്ണ്
20ഹിമാദ്രി
21.മൗണ്ട് K2 (ഗോഡ് വിൻ ഓസ്റ്റിൻ )
22. പൂർവ്വാചൽ.
23. ഹിമാലയ പർവതനിരയുടെയുടെ ഏറ്റവും തെക്കുള്ള ഭാഗം.
ഹിമാചലിന് തെക്കുഭാഗത്ത് സ്ഥിതി ചെയ്യുന്നു. ശരാശരി ഉയരം 1220 മീറ്റർ
ഹിമാലയൻ നദികൾ മുറിച്ചു കടക്കുന്നതുകൊണ്ട് തുടർച്ച നഷ്ടപ്പെടുന്നു.
24. പർവ്വത മണ്ണ് .
25.കറുത്ത മണ്ണ് , ചെമ്മണ്ണ് , ലാറ്ററൈറ്റ് മണ്ണ്
26. കവരത്തി
27. ബാരൻ
28. ഹിമാലയം കിഴക്കൻ മലനിരകൾ
29.ഇന്ത്യയുടെ ഏറ്റവും കിഴക്കേ അറ്റത്തായി കാണപ്പെടുന്നു
പട്ക്കായ് ബം, മിസോ കുന്നുകൾ, ഖാസി, ഗാരോ, ജയന്ത്യാ കുന്നുകൾ, നാഗാകുന്നുകൾ എന്നിവ ഇതിന്റെ ഭാഗമാണ്
ലോകത്തിലെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമായ ചിറാപുഞ്ചി സ്ഥിതിചെയ്യുന്നത് ഈ കിഴക്കൻ മലനിരകളിലാണ്
ഈ പ്രദേശം പൂർവ്വാചൽ എന്നും അറിയപ്പെടുന്നു
ഉഷ്ണമേഖലാ മഴക്കാടുകളാണ് ഇവിടുത്തെ നൈസർഗിഗ സസ്യജാലം
ഇവിടുത്തെ പ്രധാന മണ്ണിനം പർവ്വതമണ്ണ് ആണ്
.